4 ഫെബ്രുവരി 2012 ശനി

Founder Editor : K. Sukumaran B. A.

www.keralakaumudi.com

# കേരളകൗമുദി

101 വർഷങ്ങൾ നാല് തലമുറകൾ

1187 മകരം 21 | തിരുവനന്തപുരം | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | കൊച്ചി | തൃശൂർ | കോഴിക്കോട് | കണ്ണൂർ | ബാംഗ്ലൂർ | പേജ് 16+4 വില ₹ 4.00




മോങ്ങാനിരുന്ന സർക്കാരിന്റെ തലയിൽ 2 ജി വീഴുമോ?

# ചിദംബരത്തിന്റെ തലവര ഇന്ന്?

## കോടതിവിധി എതിരായാൽ ചിദംബരം രാജിവച്ചാലും ഇല്ലെങ്കിലും കേന്ദ്രത്തിന് തലവേദനയാകും

**പ്രസൂൻ എസ്. കണ്ടത്ത്**

ന്യൂഡൽഹി: ടു ജി സ്പെക്ട്രം കേസിൽ ആഭ്യന്തരമന്ത്രി പി. ചിദംബരം പ്രതിയാകുമോയെന്ന് ഇന്ന് അറിയാം. ചിദംബരത്തെ പ്രതിയാക്കണമെന്നും സി.ബി.ഐ അന്വേഷണം വേണമെന്നും ആവശ്യപ്പെടുന്ന സുബ്രഹ്മണ്യൻ സ്വാമിയുടെ ഹർജിയിൽ വിചാരണക്കോടതി ഇന്നാണ് വിധി പറയുക.

പ്രതിയാക്കാൻ കോടതി വിധിച്ചാൽ ചിദംബരം വെട്ടിലാകും. രാജിവയ്ക്കാനും വയ്ക്കാതിരിക്കാനും കഴിയാത്ത അവസ്ഥയിലാകും അദ്ദേഹം. കോൺഗ്രസാകട്ടെ, കൂട്ടുപ്രതിയുമാകും. പ്രധാനമന്ത്രി മൻമോഹൻസിംഗിന്റെ രാജിക്കു മുറവിളി ശക്തിപ്പെടുമെന്നും ഉറപ്പാണ്. സ്പെക്ട്രം കേസിൽ കഴിഞ്ഞദിവസം സുപ്രീംകോടതി വിധി വന്നപ്പോൾത്തന്നെ മൻമോഹൻ രാജിവയ്ക്കണമെന്ന ആവശ്യം ഉയർന്നിരുന്നു.

ചിദംബരത്തിനെതിരെ ഗുരുതരമായ പല ആരോപണങ്ങളും ഇതിനകം ഉയർന്നിട്ടുണ്ട്. ആഭ്യന്തരമന്ത്രി സ്ഥാനത്തിന്റെ ബലത്തിൽ ആരോപണങ്ങളെ അദ്ദേഹം അടക്കി നിറുത്തുകയായിരുന്നു. മന്ത്രിസ്ഥാനം ഒഴിഞ്ഞാൽ ഈ ആരോപണങ്ങളെല്ലാം വീണ്ടും പൊന്തിവരും. ഇത് ചിദംബരത്തിനും അറിയാം. അതിനാൽ, വിധി എതിരായാൽ അപ്പീൽ നൽകുമെന്ന് പറഞ്ഞ് രാജി ഒഴിവാക്കാൻ അദ്ദേഹം ശ്രമിച്ചെന്ന് വരും. ചിദംബരം രാജിവച്ചാൽ അടുത്ത ഉന്നം മൻമോഹനാണെന്ന് മനസിലാക്കി കോൺഗ്രസ് നേതൃത്വം അതിന് കൂട്ടുനിന്നുവെന്നും വരും. ഉത്തർപ്രദേശിൽ തിരഞ്ഞെടുപ്പ് നടക്കാനിരിക്കെ, അഴിമതിയിൽ പങ്കില്ലെന്ന് ഭാവിക്കാൻ കോൺഗ്രസ് നിർബന്ധിതമാണ്.

ചിദംബരത്തിനെതിരെ സുബ്രഹ്മണ്യൻ സ്വാമി സി.ബി.ഐ പ്രത്യേക കോടതിയിൽ നൽകിയ ഹർജിയിൽ ജസ്റ്റിസ് ഒ.പി. സെയ്നി എല്ലാ ദിവസവും വാദം കേൾക്കുന്നുണ്ടായിരുന്നു. എന്നാൽ രണ്ടുദിവസത്തെ വാദം കോടതി റദ്ദാക്കി. വിധി തയ്യാറാക്കാൻ കൂടുതൽ സമയം വേണമെന്നാണ് കാരണം പറഞ്ഞതെങ്കിലും ഇന്നലെ സുപ്രീംകോടതിയുടെ വിധി വരുന്നത് മുന്നിൽ കണ്ടിട്ടാണെന്നത് വ്യക്തമായിരുന്നു.

വിചാരണക്കോടതിയുടെ നടപടികളിൽ ഇടപെടാൻ വിസമ്മതിച്ച സുപ്രീംകോടതിയുടെ വിധിന്യായത്തിൽ ചിദംബരത്തിന് അനുകൂലമായി ചില സൂചനകളുണ്ട്. ധനമന്ത്രാലയത്തിന്റെ നോട്ടിൽ മുൻ ടെലികോം മന്ത്രി രാജയെ അനുകൂലിക്കുന്ന തീരുമാനമൊന്നുമില്ലെന്ന സൂചനയാണിത്. ഇന്ന് പ്രത്യേക കോടതിയും ഈ വഴിക്ക് നീങ്ങിയാൽ ചിദംബരം രക്ഷപ്പെടും. ഒപ്പം കേന്ദ്ര സർക്കാരും. അതിനാൽ എല്ലാ കണ്ണുകളും വിചാരണക്കോടതിയിലേക്കാണ്.

അതേസമയം പ്രത്യക കോടതിയിൽ നിന്ന് അനുകൂല വിധിയുണ്ടായില്ലെങ്കിൽ സ്വാമി ഹൈക്കോടതിയിൽ പോകുമെന്നുറപ്പാണ്. അവിടെയും തൃപ്തിയായില്ലെങ്കിൽ സുപ്രീംകോടതിയിൽ വീണ്ടും പോകാനും മടികാണിക്കില്ല. അതിനാൽ കേസിൽ വിധിയെന്തായാലും ചിദംബരത്തിനും കേന്ദ്ര സർക്കാരിനു തുടർന്നും തലവേദന തന്നെയായിരിക്കുമെന്നുറപ്പാണ്.

### ആരോപണങ്ങൾ

2008ൽ മുൻ ടെലികോം മന്ത്രി എ. രാജ 2001ലെ കുറഞ്ഞ വിലയ്ക്ക് സ്പെക്ട്രം ലൈസൻസ് അനുവദിച്ചത് അന്ന് ധനമന്ത്രിയായിരുന്ന പി. ചിദംബരത്തിന്റെ അറിവോടെ ആയിരുന്നുവെന്നാണ് സ്വാമിയുടെ ആരോപണം. തന്റെ ആരോപണങ്ങൾ തെളിയിക്കാൻ പ്രധാനമന്ത്രി, എ. രാജ, ചിദംബരം എന്നിവർ പങ്കെടുത്ത വിവിധ യോഗങ്ങളുടെ മിനിട്സിന്റെ പകർപ്പുകൾ സ്വാമി സുപ്രീംകോടതിയിൽ ഹാജരാക്കിയിരുന്നു. സുപ്രീംകോടതി തീരുമാനം വിചാരണക്കോടതിക്ക് വിടുകയാണ് ചെയ്തത്.

# ഭരണം പിടിക്കാൻ സി.പി.എം നീക്കം സജീവം

**രാഷ്ട്രീയ ലേഖകൻ**

തിരുവനന്തപുരം: യു.ഡി.എഫ് മന്ത്രിസഭയെ മറിച്ചിടാൻ സി.പി.എം അണിയറയിൽ നീക്കം സജീവമാക്കി. സി.പി.എമ്മിന്റെ പാർട്ടി കോൺഗ്രസ് ഏപ്രിലിൽ നടക്കുംമുമ്പ് ഭരണം പിടിക്കുകയാണ് ലക്ഷ്യം.

കേരള കോൺഗ്രസ് മാണിഗ്രൂപ്പിനെയാണ് മുഖ്യമായും ലക്ഷ്യംവയ്ക്കുന്നത്. മാണിഗ്രൂപ്പിലെ രണ്ടാംനിര നേതാക്കളുമായി സി.പി.എമ്മിന്റെ ദൂതന്മാർ ചർച്ചകൾ നടത്തിക്കഴിഞ്ഞു. അടുത്ത് ഒഴിവുവരുന്ന രാജ്യസഭാ സീറ്റ് ഉൾപ്പെടെ വൻ വാഗ്ദാനങ്ങളാണ് മാണിഗ്രൂപ്പിന് നൽകിയിട്ടുള്ളത്. പക്ഷേ, മാണിഗ്രൂപ്പ് നേതൃത്വം ഇനിയും മനസ് തുറന്നിട്ടില്ല.

മാണിഗ്രൂപ്പിൽ നിന്ന് ജോസഫ് വിഭാഗത്തെ അടർത്തിയെടുക്കാനായിരുന്നു ആദ്യശ്രമം. എന്നാൽ, പുതിയ കൂറുമാറ്റ നിരോധന നിയമം ഭീഷണിയായി. തുടർന്നാണ് മാണിഗ്രൂപ്പിനെ മൊത്തമായി അടർത്തിയെടുക്കാനുള്ള ശ്രമം തുടങ്ങിയത്. ഇത് എത്രത്തോളം വിജയിക്കുമെന്ന് ഇപ്പോൾ പറയാനാവില്ല.

അതേസമയം, മാണി ഗ്രൂപ്പ് നേതാക്കൾ ഒരുപരിധിവരെ ഈ വാർത്തയ്ക്ക് പ്രചാരം നൽകാൻ ഉത്സാഹിക്കുന്നുണ്ട്. ഇടതുമുന്നണിയുമായുള്ള ചർച്ചയുടെ മറവിൽ യു.ഡി.എഫിനെ സമ്മർദ്ദത്തിലാക്കി കൂടുതൽ ആനുകൂല്യങ്ങൾ നേടിയെടുക്കുകയാണ് തന്ത്രം. രാജ്യസഭാ സീറ്റ് ഉറപ്പാക്കുന്നതിനും കേന്ദ്രമന്ത്രിസഭയിൽ ജോസ്. കെ. മാണിക്ക് അംഗത്വം നേടിയെടുക്കുന്നതിനും ഇടതുമുന്നണിയുമായി ചർച്ച നടത്തുന്നു എന്ന പ്രചാരണം മാണിഗ്രൂപ്പിന് സഹായകരമാകും.

യു.ഡി.എഫിലെ ചില ചെറിയ കക്ഷികളെയും ഇടതുമുന്നണി നോട്ടമിട്ടിട്ടുണ്ട്. ഈ ചർച്ചകളുടെ ഗതി എന്താകുമെന്ന് വരും ദിവസങ്ങളിലേ പറയാനാകൂ.

മാണിഗ്രൂപ്പിനെ അടർത്തിയെടുക്കുന്നതിനോട് ഇടതുമുന്നണിയിൽ സി.പി.ഐക്ക് യോജിപ്പില്ലെന്നാണ് അറിയുന്നത്. സി.പി.ഐയെ മെരുക്കിയെടുക്കാൻ ഒരു ഉന്നത നേതാവിനെ നിയോഗിച്ചിരിക്കുകയാണ്. ബദൽ സർക്കാരിനുള്ള സാദ്ധ്യത ആരായുമെന്ന് സി.പി.ഐ വ്യക്തമാക്കിയിട്ടുണ്ട്.

**സാദ്ധ്യത 1**

കേരള കോൺഗ്രസ് എമ്മിനെ യു.ഡി.എഫിൽ നിന്ന് അടർത്തിയെടുത്ത് ഭൂരിപക്ഷ പിന്തുണ ഉറപ്പാക്കി പുതിയ മന്ത്രിസഭ രൂപീകരിക്കുക

**സാദ്ധ്യത 2**

കേരള കോൺ. എമ്മിലെ ജോസഫ് വിഭാഗത്തെ കൂട്ടുപിടിച്ച് അനിശ്ചിതത്വം സൃഷ്ടിച്ച് യു.ഡി.എഫിലെ ചെറിയ കക്ഷികളെ വശത്താക്കി അധികാരത്തിലേറുക



### മനംമാറ്റത്തിന്റെ ലക്ഷണങ്ങൾ

- സി.പി.എമ്മിനെയോ ഇടതുമുന്നണിയെയോ കെ.എം. മാണി അടക്കമുള്ള കേരള കോൺഗ്രസ് നേതാക്കൾ ഇപ്പോൾ കടുത്ത ഭാഷയിൽ വിമർശിക്കാറില്ല.
- മുല്ലപ്പെരിയാർ സമരരംഗത്ത് കേരള കോൺഗ്രസിന്റെയും ഇടതുമുന്നണിയുടെയും സഹകരണം.
- മലമ്പുഴയിലെ നവീകരിച്ച ഉദ്യാനത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ മന്ത്രി പി.ജെ. ജോസഫും പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദനും പങ്കെടുത്തു. കോൺഗ്രസ് നേതാക്കൾ വിട്ടുനിന്നു.
- ക്രൈസ്തവ സമൂഹത്തോട് അടുപ്പം കാണിക്കാൻ സി.പി.എമ്മിന്റെ പ്രകടമായ ശ്രമം സി.പി.എം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച പ്രദർശനത്തിൽ യേശുക്രിസ്തുവിന്റെ ചിത്രത്തിന് ആദ്യമായി ഇടം കിട്ടി.

### മുന്നണിമാറ്റം

**അനുകൂല ഘടകങ്ങൾ**

- യു.ഡി.എഫിലെ ഏതെങ്കിലും ചെറിയ കക്ഷിയെ ഇടതുമുന്നണി വശത്താക്കുമോയെന്ന ആശങ്ക
- നേരിയ ഭൂരിപക്ഷം മാത്രമുള്ള ഒരു മന്ത്രിസഭയേക്കാൾ അഭികാമ്യം ഭദ്രതയുള്ള മന്ത്രിസഭയെന്ന ചിന്താഗതി
- കൂടുതൽ മന്ത്രിസ്ഥാനങ്ങൾക്കും മെച്ചപ്പെട്ട വകുപ്പുകൾക്കുമുള്ള സാദ്ധ്യത സൃഷ്ടിക്കുന്ന പ്രലോഭനം

**പ്രതികൂല ഘടകങ്ങൾ**

- മാണി ഗ്രൂപ്പ് ഇടതുമുന്നണിയിലേക്ക് പോകുന്നതിനോട് കത്തോലിക്ക സഭയ്ക്ക് യോജിപ്പില്ല
- ജോസ് കെ. മാണിക്ക് കേന്ദ്രമന്ത്രിസഭയിൽ ഇടം ലഭിച്ചാൽ കോൺഗ്രസ് സഖ്യം ഉപേക്ഷിക്കാനാവാത്ത സ്ഥിതി വരും.
- യു.ഡി.എഫ് വിടുന്നതിനോട് മാണി ഗ്രൂപ്പിലെ ഒരു വിഭാഗം നേതാക്കൾക്കുള്ള കടുത്ത എതിർപ്പ്
- മാണി ഗ്രൂപ്പ് വരുന്നതിനോട് സി.പി.ഐക്കുള്ള അതൃപ്തി

# സുധാകരൻ പ്രശ്നം ഒത്തുതീർന്നു

**രാഷ്ട്രീയ ലേഖകൻ**

തിരുവനന്തപുരം: ഇലയ്ക്കും മുള്ളിനും കേടില്ലാതെ കെ.പി.സി.സി ഭാരവാഹികളുടെ യോഗത്തിൽ കെ.സുധാകരൻ പ്രശ്നം ഒത്തു തീർന്നു.

മുഖ്യമന്ത്രി ഉമ്മൻചാണ്ടി യോഗത്തിൽ പങ്കെടുത്തിരുന്നില്ല. അതിനാൽ അധികം ചർച്ചയും ഉണ്ടായില്ല. നേരത്തേ നിശ്ചയിച്ച പരിപാടിയുമായി മുഖ്യമന്ത്രി കോഴിക്കോട്ടായിരുന്നു.

കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയും രമേശ് ചെന്നിത്തയും തമ്മിലുള്ള ചർച്ചയിൽ പ്രശ്നം ഏതാണ്ട് അവസാനിച്ചിരുന്നു. സസ്പെൻഷനിലുള്ള പൊലീസുകാരിൽ നിന്ന് മാപ്പെഴുതി വാങ്ങി സസ്പെൻഷൻ പിൻവലിച്ചിരുന്നു. വിവാദ എസ്.പി നേരത്തേ നിശ്ചയിച്ചതനുസരിച്ചാണെങ്കിലും ലീവിൽ പോവുകയാണ്. സുധാകരൻ മുഖ്യമന്ത്രിയുമായി ഫോണിൽ സംസാരിച്ചും അന്തരീക്ഷത്തിന് അയവ് വരുത്തി.

മുഖ്യമന്ത്രിയെയോ സർക്കാരിനെയോ മുറിവേൽപ്പിക്കുകയോ ദുർബലപ്പെടുത്തുകയോ വിമർശിക്കുകയോ ചെയ്യുന്ന ഒന്നും തന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ലെന്ന് സുധാകരൻ യോഗത്തിൽ വിശദീകരിച്ചു.

പൊലീസിനെ നിയന്ത്രിക്കുന്നത് രാഷ്ട്രീയ നേതാക്കളുടെ പണിയല്ലെന്ന് രമേശ് ചെന്നിത്തല ഓർമ്മപ്പെടുത്തി. സർക്കാരാണ് അത് ചെയ്യേണ്ടത്. നിയമത്തിനുള്ളിൽ നിന്നേ പൊലീസിന് പ്രവർത്തിക്കാനാവൂ. അതേസമയം എം.പി മാർക്കും എം.എൽ.എമാർക്കും കിട്ടേണ്ട ആദരവ് പൊലീസ് നൽകുകയും വേണം. സുധാരൻ ഖേദം പ്രകടിപ്പിച്ച സ്ഥിതിക്ക് ഈ വിഷയം അവസാനിക്കുകയാണ്. മുഖ്യമന്ത്രിയുമായി നേരിട്ട് സുധാകരൻ സംസാരിച്ച് ശേഷിച്ച പ്രശ്നങ്ങൾ തീർക്കണമെന്നും രമേശ് നിർദ്ദേശിച്ചു.

ഒരോ ജില്ലയിലും പൊലീസ് ഭരണം ഒരോ നേതാവിനെ ഏല്പിച്ചിട്ടുണ്ടോ എന്ന് ഈ അവസരത്തിൽ അബ്ദുൾ ഗഫൂർ ഹാജി ചോദിച്ചു. അങ്ങനെ ഒന്നുമില്ലെന്ന് രമേശ് പറഞ്ഞപ്പോൾ തങ്ങളുടെ സ്ഥലത്ത് അങ്ങനെ ചിലരെ ഏല്പിച്ചിട്ടുണ്ടെന്ന് അജയ്മോഹൻ ചൂണ്ടിക്കാട്ടി.

കേന്ദ്രമന്ത്രിമാരെ വിമർശിച്ചതിന് പാർട്ടി വക്താവ് എം. എം. ഹസനെതിരെ അജയ്തറയിൽ രൂക്ഷ വിമർശനം നടത്തി. വയലാർ രവിയെ വിമർശിക്കാൻ തക്കവണ്ണം ഹസൻ വളർന്നിട്ടില്ല. വക്താവ് വക്താവിന്റെ പണി ചെയ്താൽ മതി. ഗ്രൂപ്പ് പണി ചെയ്യണ്ട, അജയ് പറഞ്ഞു.

# ആറു വയസുകാരനെ പുലികടിച്ചുകൊന്നു

ചാലക്കുടി: വാൽപ്പാറയിൽ അച്ഛനോടൊപ്പം നടന്നു പോവുകയായിരുന്ന ആറുവയസുകാരൻ ഇന്നലെ പുലിയുടെ ആക്രമണത്തിൽ മരണമടഞ്ഞു.

മുടീസിനടുത്ത കുത്തുമുടി എസ്റ്റേറ്റിലെ ജയകുമാറിന്റെ മകൻ ഷെറിൻ (6) ആണ് മരിച്ചത്.

എസ്റ്റേറ്റിൽ നിന്നു ജോലി കഴിഞ്ഞ് മടങ്ങുന്ന ജയകുമാറിനൊപ്പം മകനും ഉണ്ടായിരുന്നു. എസ്റ്റേറ്റിലെ കുറ്റിക്കാട്ടിൽ പതുങ്ങിയിരുന്ന പുലി പൊടുന്നനെ ചാടിവീണ് ഷെറിനെ കടിച്ചുവലിച്ച് കാട്ടിലേക്ക് ഓടിപ്പോയി.

നിലവിളിച്ച് പിന്നാലെ ഓടിയ ജയകുമാർ കുട്ടിയെ വലിച്ചെടുത്തെങ്കിലും മരണം സംഭവിച്ചിരുന്നു.

**കാലാവസ്ഥ** 35.2 - 23.2

**സ്വർണം**

8 ഗ്രാം 20,800
ഒരു ഗ്രാം 2600

**വിനിമയം**

ഡോളർ 48.00 - 48.59
പൗണ്ട് 77.70 - 76.72
ദിർഹം 12.64
കുവൈറ്റ്ദിനാർ 159.35

www.facebook.com/keralakaumudi

### തലവര

യു.പി. ഇലക്ഷൻ കോൺഗ്രസിന് അഗ്നിപരീക്ഷയാവും


